
ശിലകളിൽ
ലിറ്റിൽകൈറ്റ്സ് 2018–19




# ശിലകളിൽ
## തെളിയുന്നത്

ഒരു ലിറ്റിൽ കൈറ്റ്സ് പ്രസിദ്ധീകരണം

കാവുമ്പടി സി.എച്ച്.എം ഹയർസെക്കന്ററി സ്കൂൾ

തില്ലങ്കേരി, 670702,ph:–04902405001




## പത്രാധിപസമിതി:

**ചീഫ് എഡിറ്റർ**
ശ്രീമതി മിനി ജോസഫ്

**എഡിറ്റർ**
ശ്രീ ടി രജിത്ത്

**സ്റ്റുഡന്റ് എഡിറ്റർ**
കുമാരി റഷീഖഷെറിൻ

**അംഗങ്ങൾ:**
ബിന്ദു തോമസ്
ജിംജോസ്
ഡെന്നി പി വർഗ്ഗീസ്
സുബൈർ എം.സി
ജുനൈദ് (സ്കൂൾ ലീഡർ)
മുഹമ്മദ് സിനാൻ എ.പി
(ലിറ്റിൽകൈറ്റ്സ്)

**കവർ** രജിത്ത്

**ലേയൗട്ട് & ഡി.ടി.പി** ലിറ്റിൽകൈറ്റ്സ് അംഗങ്ങൾ

**പ്രസാധകർ:** ലിറ്റിൽകൈറ്റ്സ് 2018-19
സി.എച്ച്.എംഹയർസെക്കന്ററി സ്കൂൾ കാവുമ്പടി

# മുഖക്കുറിപ്പ്

പ്രിയരേ
പൂമരങ്ങൾ പൂത്തുലയുകയും
വസന്തം വർണ്ണരാജി സൃഷ്ടിക്കുകയും ചെയ്യുന്ന
മനസ്സുകളെ ഉണർത്താനുള്ള എളിയ ശ്രമമാണ്
നിങ്ങൾ ഈ ശ്രമത്തെ ജീവൻ നൽകി വളർത്തുക
നമ്മുടെ ചുറ്റുപാടുകൾ മുള്ളുകൾ നിറഞ്ഞതാണ്
സ്നേഹം വറ്റിയ മനസ്സും
ആശയറ്റ ജീവിതവും ബാക്കിയാക്കി
കാലം മുന്നോട്ട്തന്നെ പായുമ്പോൾ
ആശ്വാസത്തിന്റെ പച്ചത്തുരുത്തുകളായി
ഇത്തരം ശ്രമങ്ങൾ മാറുന്നു .
ഈ മാറ്റത്തിന്റെ ദീപശിഖയേന്താൻ
ശിലകളിലൂടെ നിങ്ങളെ സഹായിക്കട്ടെ
പൂർണ്ണതയിലേക്കുള്ള പ്രയാണത്തിൽ
അപൂർണതകൾ കണ്ടേക്കാം
വിശകലനത്തിന് വില കൽപ്പിച്ചുകൊണ്ട്
ശിലകളിൽ കണ്ടത് സമർപ്പിക്കുന്നു

സ്നേഹപൂർവ്വം
**ടി.രജിത്ത്**
എഡിറ്റർ

# ചീഫ് എഡിറ്റർ നിങ്ങളോട്

പ്രിയ വിദ്യാർത്ഥികളെ
വിദ്യാഭ്യാസം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്
വ്യക്തിയുടെ സമഗ്രവും സമ്പൂർണവുമായ വികാസമാണല്ലോ,
ഇത് ആർജ്ജിക്കാൻ നമുക്ക് ക്ലാസ് മുറികളിലെ
വിദ്യാഭ്യാസം മാത്രം പോര കലാസാഹിത്യ
പ്രവർത്തനങ്ങൾ അതിന്റെ പ്രധാനപ്പെട്ട ഭാഗമാണ്.
പുൽക്കൊടിത്തുമ്പിലെ മഞ്ഞുതുള്ളിയിലും
ഹിമാലയത്തിൻറെ ഔന്നത്യത്തിലും
സൗന്ദര്യം ദർശിക്കാനും,
ജീവിതത്തിന്റെ മരുപ്പച്ചയേയും
മലർവാടിയേയും മൂർത്തവും
അമൂർത്തവുമായി അവതരിപ്പിക്കാനും
നിങ്ങൾക്ക് കഴിയണം
അതിനുള്ള പ്രചോദനമായി
ലിറ്റിൽ കൈറ്റ്സ് ഒരുക്കുന്ന
ഈ സാഹിത്യസൃഷ്ടിക്ക് സാധിക്കട്ടെ .
സാഹിത്യത്തിന്റെ പൂന്തോപ്പിൽ പൂമരങ്ങളും
സുഗന്ധവും സൃഷ്ടിച്ചുകൊണ്ട് കടന്നുപോയ
കാല്പാടുകളെ സ്മൃതിമണ്ഡപത്തിൽ കുടിയിരുത്താൻ
നിങ്ങൾക്ക് സാധിക്കട്ടെ,
വർഷാന്ത്യ പരീക്ഷകൾ കടന്നുവരുന്നു .
നിങ്ങൾ പരീക്ഷിക്കപ്പെടുമ്പോൾ
ആത്മവിശ്വാസം അതാവട്ടെ നിങ്ങളുടെ കരുത്ത് .
ഉന്നത വിജയം അതാവട്ടെ നിങ്ങളുടെ ലക്ഷ്യം .
അതിനു വേണ്ടിയാവട്ടെ നിങ്ങളുടെ പരിശ്രമം.
ലക്ഷ്യവും ശ്രമവും ഒത്തുവന്നാൽ ഉന്നത നേട്ടം ഉറപ്പായിരിക്കും .
ഭാസുരമായ ഭാവി ജീവിതത്തിൽ
നന്മയുടെ നറുമലരും
വിജയത്തിന്റെ ആയിരം സൂര്യകാന്തികളും വിരിയട്ടെ

സ്നേഹാശംസകളോടെ
മിനി ജോസഫ്
ചീഫ് എഡിറ്റർ

# ശിലകളിൽ കുറിച്ചത്


| | | |
|---|---|---|
| 1 | തില്ലങ്കേരിയുടെ തിലകം | 7 |
| 2 | അവൾ | 9 |
| 3 | THE SPIDER | 10 |
| 4 | ഞാൻ കരഞ്ഞില്ല | 11 |
| 5 | സ്ത്രീ സമത്വത്തിന്റെ സമകാലികം | 13 |
| 6 | നൊമ്പരം | 15 |
| 7 | പോയകാലം | 17 |
| 8 | Social Media a threat to human life | 18 |
| 9 | സ്ത്രീ ശാക്തീകരണത്തിന്റെ പ്രായോഗികത | 21 |
| 10 | THE STARVING FAMILY | 23 |
| 11 | നീലക്കുറിഞ്ഞികൾക്കിടയിൽ | 25 |
| 12 | ഏകാന്തതയുടെ തേങ്ങൽ | 27 |


ഞങ്ങടെ പാട്ടിനു കൂട്ടുകുടംതുടി
കിണ്ണം തംബുരുവോടക്കുഴലും
ഞങ്ങടെ പാട്ടിൽ തേനും പാലും
തെങ്ങിളനീരുംനറുമുന്തിരിയും



# സി എച്ച് മുഹമ്മദ് കോയ മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂൾ

# തില്ലങ്കേരിയുടെ തിലകം

ചരിത്രപ്രസിദ്ധവും ചിരപുരാതനവും വീരപഴശ്ശിയുടെസ്മരണകൾ അലയടിക്കുന്നതുമായ പുരളിമലയുടെ താഴ്‌വരയിൽ അറിവിന്റെ പ്രകാശഗോപുരം പോലെ തലയുയർത്തിനിൽക്കുന്ന ഒരു വിദ്യാഭ്യാസ സ്ഥാപനമാണ് സി എച്ച് മുഹമ്മദ് കോയ മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂൾ. ജനസംഖ്യയിലും വിസ്തീർണത്തിലും ചെറിയൊരു പഞ്ചായത്തായ തില്ലങ്കേരി മുമ്പ് പഴശ്ശിരാജാവിനെ അധീനതയിലായിരുന്നു . മലകളും കാടും മേടും കാട്ടാറും നിറഞ്ഞ , വിദ്യാഭ്യാസ സാമൂഹിക സാംസ്കാരിക മണ്ഡലങ്ങളിൽ ഏറെ സ്വാധീനം ചെലുത്തിയ ഈ ഗ്രാമം ഐതിഹാസികമായ സമരങ്ങൾക്കും സാക്ഷ്യം വഹിച്ചിട്ടുണ്ട്.നല്ലൊരു ശതമാനം സാധാരണക്കാരായവരുടെ വിദ്യാഭ്യാസസ്വപ്നങ്ങളുടെ സാക്ഷാൽക്കാരമായിരുന്നു 1995 ൽ സഫലമായത് .സി എച്ച് മുഹമ്മദ് കോയ മെമ്മോറിയൽ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ 1995-96 അധ്യയന വർഷത്തിൽ 106 വിദ്യാർഥികളുമായിഒരു മദ്രസയിൽ ആരംഭിച്ച സി.എച്ച്.മുഹമ്മദ്കോയഹൈ സ്കൂൾ 2010 ൽഹയർസെക്കെന്ററിയായിഉയർത്തപ്പെട്ടു.



വിദ്യാലയത്തിന്റെ ആദ്യപ്രധാന അദ്ധ്യാപകൻ ശ്രീ.ടികൃഷ്ണൻ മാസ്റ്റർആയിരുന്നു. പിന്നീട് 2017- 18 വരെ ശ്രീമതി ആനിയമ്മ വർഗ്ഗീസും 2018-19 മുതൽ ശ്രീമതി മിനി ജോസഫ് താല്ക്കാലിക ഹെഡ്മിസ്ട്രസ് ചുമതല വഹിക്കുന്നു.പ്രിൻസിപ്പാൾ ശ്രീ കെ.പി എറമുമാസ്റ്ററാണ് . ആറ് ഏക്കർ ഭൂമിയിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ഹൈസ്കൂൾ ഹയർസെക്കന്ററി വിഭാഗങ്ങളിൽ 4

കെട്ടിടങ്ങളിലായി 27 ക്ലാസ് മുറികളുമുണ്ട്. അതിവിശാലമായ ഒരു കളിസ്ഥലം കമ്പ്യൂട്ടർ ലാബുകൾ മറ്റ് വിഷയങ്ങൾക്കായുള്ള വിശാലമായ ലാബുകൾ ലൈബ്രറി സൗകര്യം എന്നിവ സുസജ്ജമാക്കിയിട്ടുണ്ടിവിടെ.എല്ലാ ക്ലാസ്മുറിക്കളും സ്മാർട്ട്ക്ലാസ്സ് മുറികളായി മാറി.

തില്ലങ്കേരി പഞ്ചായത്തിൽനിന്നും സമീപ പഞ്ചായത്തുകളായ മുഴക്കുന്ന്



ചാവശ്ശേരി പേരാവൂർ മാലൂർ ഭാഗങ്ങളിൽനിന്നും വിദ്യാർത്ഥികൾ ഇവിടെ പഠിക്കുന്നു . ഹൈസ്കൂൾ ഹയർ സെക്കൻഡറി ഹയർ സെക്കൻഡറിയിലുമായി അധ്യാപകരും അനധ്യാപകരും അടക്കം 59 പേർ ജോലി ചെയ്യുന്ന ഈ സ്ഥാപനം വിദ്യാഭ്യാസ സാംസ്കാരിക മണ്ഡലങ്ങളിൽ തനതായ പ്രവർത്തനങ്ങൾ കാഴ്ചവെച്ചുകൊണ്ട് മുന്നേറുകയാണ്. അർപ്പണബോധത്തോടെ പ്രവർത്തിക്കുന്ന അധ്യാപകരും സ്ഥാപനത്തെ സ്നേഹിക്കുകയും സഹായിക്കുകയും ചെയ്യുന്ന സമൂഹവും നിതാന്തജാഗ്രതയോടെ



സജീവമായി പ്രവർത്തിക്കുന്ന പിടിഎയും മദർ പിടിഎയും ഈ സ്ഥാപനത്തിന് മുതൽക്കൂട്ടാണ് . മുഹമ്മദ് കോയ എജ്യുക്കേഷണൽ ട്രസ്റ്റ് എന്ന സംഘടനയുടെ കീഴിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന് ഭൗതിക സാഹചര്യങ്ങൾ ഒരുക്കാൻ മാനേജ്മെൻറ് ജാഗരൂകരാണ്.

പ്രകൃതിയുമായിഅടുത്ത ബന്ധം സ്ഥാപി ക്കുന്നതിനുംപാരിസ്ഥിതിക മുന്നേറ്റത്തെ കുറിച്ച് അവബോധം ഉണ്ടാക്കുന്നതിനുവേണ്ടി പ്രവർ ത്തിക്കുന്ന നാച്ചറൽ സൗഹൃദ ക്ലബ്ബ് , പൗര ബോധവും ലക്ഷ്യബോധവും സാമൂഹ്യ പ്രതി ബന്ധതയും സന്നദ്ധതയും ഉള്ള ഒരു യുവ ജനതയെ വാർത്തെടുക്കുക എന്ന ലക്ഷ്യ ത്തോടു കൂടി പ്രവർത്തിക്കുന്ന സ്റ്റുഡൻറ് പോലീസ് കേഡറ്റ്, സേവനസന്നദ്ധതയും വർണ്ണ വർഗ്ഗ ജാതിമതങ്ങൾക്കതീതമായി മാനവികത ഉൾക്കൊള്ളുന്നഉത്തമ പൗരന്മാ രായി വളരുവാൻകുട്ടികളെ സജ്ജരാക്കുന്ന പ്രസ്ഥാനമായ ഭാരതസ്കൗട്ട്&ഗൈഡ്സ്, കഷ്ടപ്പെടുന്ന വരെ സഹായിക്കുന്നതിനായുള്ള



ലോകത്തിലെ ഏറ്റവും വലിയ സംഘടനയായ റെഡ് ക്രോസ് ,വിദ്യാരംഗം സാഹിത്യവേദി, ലിറ്റിൽ കൈറ്റ്സ് ഐടി ക്ലബിന്റെയും മാതൃകാപരമായ പ്രവർത്തനങ്ങൾ സ്കൂളിന്റെ മികവിന് മാറ്റ് കൂട്ടുന്നു. വീരപഴശ്ശിയുടെ പടയോട്ടവും ജന്മിത്വത്തിനെതിരായ പോരാട്ട ങ്ങളും പകർന്നു നൽകി പകർന്നു നൽകിയ ചരിത്ര പ്രാധാന്യം ആവോളമുള്ളതില്ലങ്കേരിയുടെ തിലകക്കുറിയായി പ്രവർത്തിച്ചുവരുന്ന ഈ സ്ഥാപനം അതിന്റെ പ്രവർത്തനമികവിന്റെ പുതിയ പാതയിലേക്കുള്ള യാത്രയിലാണ്.

കഥ

റഷീഖ ഷെറിൻ 9b




അവിടെ അവൾ ഒറ്റയ്ക്കായിരുന്നു. കടലിന്റെ ഏതോ ദിക്കിൽ നിന്നെത്തിയ ഇളം കാറ്റ് അവളുടെ അഴിച്ചിട്ട മുടികളെ തഴുകി അകലുന്നു.നനഞ്ഞുകുതിർന്ന മണലിൽ നമ്രമുഖിയായി ഇരിക്കുമ്പോൾ അവളുടെ മനസ്സിൽക്കൂടി കാഴ്ചകളും മിന്നിമറഞ്ഞു.

അന്ന്,ആ ദിവസം, അതിനെ കുറിച്ച് ഓർക്കുമ്പോൾ അവളുടെ മനസ്സ് നീറുന്നുണ്ടായിരുന്നു.ഇതൊക്കെ ആരോട്ടു പറയാൻ,ആര് കേൾക്കാൻ?ഇങ്ങനെയൊരു ലോകത്ത് ജീവിക്കുന്നതിലും ഭേദം മരിക്കുന്നതായിരുന്നു.

തന്റെ മാനം നഷ്ടപ്പെട്ട ആ ദിവസം,തന്റെ കന്യകത്വം നഷ്ടപ്പെട്ട ആ ദിവസം, അന്നൊക്കെ തന്റെ ജീവിതം ആരുടെയൊക്കെയോ കൈകളിലായിരുന്നു.പലരും ചവിട്ടിമെതിച്ച ഒരു പാഴ്വസ്തുവായിരുന്നു തന്റെ ശരീരം.


ലോകത്തോട്ടു ഈ കാര്യംവിളിച്ച്പറയണമെന്നുണ്ടായിരുന്നു.വേണ്ട...അതിലും നല്ലത് മൗനിയായിരിക്കുന്നതാണ് .നശിച്ചവൾ,ശപിക്കപ്പെട്ടവൾ...അങ്ങനെ പലതും കേൾക്കേണ്ടിവരും.

ഈ ലോകത്ത് ഏതെങ്കിലും ഒരു ദിക്കിൽ തന്റെ കാര്യങ്ങൾ തുറന്നുപറയാൻ ഒരാളുണ്ടായിരുന്നെങ്കിൽ,തന്റെ കഥ കേട്ട് ആരെങ്കിലും നൊമ്പരപ്പെട്ടുവെങ്കിൽ.അത് ...അത് മതിയായിരുന്നു തന്റെ ആത്മ ശാന്തിക്ക്.ഇതൊക്കെ ആരോട് പറയാൻ.... ആര് കേൾക്കാൻ....?

ഇത് എന്റെ മനസിൽ നിന്ന് തന്നെ നീറിക്കൊണ്ടിരിക്കണം.അതാണെന്റെ വിധി. ഇവിടെയായിരിക്കാം തന്റെ അവസാനം.

കവിത
Sreya c suresh xb

# THE SPIDER



SITTING ON A BENCH I WAS
WITH MY FAILURES
THAT TIME I SEE THAT IN THE CORNER
THE ARTIST THE HUNTER
THE HARD WORKER
WHO HAS SO MANY LEGS
THE ARTIST WAS DOING HIS
WORK BY MAKING A CREATION


THE HARD WORK WAS FIN SHED
HE MAKES IT FOR HIS LIFE
BUT TO ME IT IS A CREATION
IT WAS THE REWARD OF HIS
HARD WORK

MY FRIEND CAME WITH A STICK
BUT I DIDN'T SEE
SHE CLEANED THE WALL BY
THE CREATION
MY EYES WERE FULL OF FEARS
BUT HE SURPRISED ME
HE MADE IT BETTER THEN BEFORE
MY FACE WAS FULL OF SHAME
AND I SAID TO MYSELF
OH DEAR SPIDER
YOU ARE A HERO

കഥ

നാജി സി.ട2



അന്നു രാത്രി
ഞാൻ
ഉറങ്ങിയതേയില്ല.
കൂരിരുട്ടിൽ
ലോകമൊട്ടാകെ
മയങ്ങുംനേരത്ത് ഞാൻ
മാത്രം ഉറങ്ങാതെ...
അന്നാദ്യമായ് കണ്ണുതുറന്നു
സ്വപ്നംകണ്ടു.

എനിക്കറിയാമായിരുന്നു.അന്നു രാത്രി എനിക്കുറക്കമുണ്ടാവില്ലെന്ന് കാരണം, എന്റെ കാലകാലമായുള്ള ഒരു കൺകുളിർമ നിറഞ്ഞ വർണ്ണമാം കുളിരേകും ആഹ്ലാദകരസ്വപ്നം നാളെ പുലർച്ചയാമുടനെ പൂവണിയാൻ പോകുന്നു.അതിന് ഇനികുറഞ്ഞ മണിക്കൂറുകൾ മാത്രം

അന്നുവൈകുന്നേരം പപ്പയുടെ കോൾ വന്നയുടനെ മമ്മി എന്നോട് വളരെ സന്തോഷകരമായ ഒരു കാര്യംപറഞ്ഞു

"എയ്ജൽ...നാളെ മോൾടെ പപ്പ നാട്ടിലെത്തുന്നുവെന്ന്"

ഞാൻ സ്വപ്നം കണ്ടതെന്ന പോലെ വളരേ കൗതുകത്തോടു കൂടി മമ്മിയെ നോക്കി എനിക്കെന്തെന്നില്ലാത്ത ഒരാവേശവും ആഹ്ലദവും ഇപ്പോഴിതാ ഞാൻ കരുതിയ പോലെ തന്നെ എനിക്കുറക്കമില്ലാതായി രിക്കുന്നു.

അന്നു രാത്രി ഉറങ്ങാതിരിക്കും നേരത്ത് ഞാനൊന്നു രണ്ടുമൂന്ന് വർഷം പിറകിലേക്ക് തിരിഞ്ഞുനോക്കി..

പപ്പ നാട്ടിലുള്ള സമയം എപ്പോഴും എന്നെ വാരിപ്പുണർന്ന് ചുംബിച്ച് കൊണ്ട് സ്കൂളിൽ വിട്ടിരുന്ന ആദിനം മിഠായി വേണമെന്നും കളിപ്പാട്ടം വേണമെന്നും പറഞ്ഞു വാശിപിടിക്കുന്ന ഈ എയ്ഞ്ചലിന് എല്ലാം വാങ്ങിത്തരുന്ന ആ സുവർണദിനം. ചെറുപുഞ്ചിരിയോടെ കവിളിൽ തലോടി.

"നീ എന്റെ കൊച്ചുമാലാഖയല്ല്യേടീ," എന്ന് പറയുന്ന ആ സുന്ദര നിമിഷങ്ങൾ,

മമ്മി വഴക്കുപറയുമ്പോഴും മറ്റും,

"എന്നാത്തിനാ പിള്ളേര് കരയണേ നീ പപ്പേടേ മോളല്ലേ" എന്ന്പറഞ്ഞ രാത്രികൾ..

ഈ സുന്ദര നിമിഷങ്ങളോടൊപ്പം ആരോരുമറിയാത്ത പപ്പമാത്രമറിഞ്ഞ പപ്പയോട്ടുമാത്രം പറഞ്ഞ എന്റെ രണ്ട് മൂന്ന് വർഷം. ഞാൻ മനസ്സിൽ കൊണ്ട് നടന്ന എന്റെ നവരത്നംപൊഴിയും സുന്ദര യാത്രയ്ക്കുമുള്ള കാത്തിരിപ്പിനും ഇനി ഏതാനം മണിക്കൂറുകൾ മാത്രം..

നീലക്കുറിഞ്ഞികൾ പൂക്കുന്ന മലയോരം ഇതിനാണെന്റെ പപ്പ പറഞ്ഞിരുന്നു ഈ യാത്രയേ കുറിച്ച്, എന്നെക്കൊണ്ടു പോകാന്ന് ഉറപ്പും പറഞ്ഞിരുന്നു .ന്റെ പൊന്നു പപ്പ യെക്കാണാനുള്ള ആവേശവും യാത്രയ്ക്കുള്ള കാത്തിരിപ്പിനും ഇനി മണിക്കൂറുകൾ മാത്രം..

പെട്ടെന്ന് ജനാലക്കഴികളിലൂടെ കണ്ണിലേക്ക് പ്രകാശം ഒലിച്ചുകയറി.കൈകൾ കൊണ്ട് മറയ്ക്കാൻ ശ്രമിച്ചെങ്കിലും കഴിഞ്ഞില്ല.ഞാൻ പതിയെ കൈവിരലിന് ഇടയിലൂടെ പുറത്തേക്ക് നോക്കി .ഞാൻ കാത്തിരുന്ന സമയം അടുത്തു വന്നെന്ന് മനസ്സിലായി .കട്ടിലിൽ നിന്നു ഇറങ്ങി ഉറങ്ങിയെണീറ്റമട്ടിൽ കൺ തിരുമ്മിക്കൊണ്ട് മമ്മിയുടെ മുന്നിൽ പോയി. മമ്മി എന്റെ മുഖത്തുനോക്കി നിന്നു. എന്നിട്ട് ചോദിച്ചു.

"ഇന്ന് ഉറങ്ങിയില്ലല്ലോ അല്ലേ "

ഇല്ല എന്നു തലയാട്ടി കള്ളം പറയാൻ കഴിഞ്ഞില്ല. മമ്മി പറഞ്ഞു

"വേഗം സ്കൂളിലേക്ക് വിട്ടോ"

വിടർന്നു നിന്ന പൂ വാടിക്കൊഴിഞ്ഞ പോലെ എൻെ മുഖം വാടി തുടങ്ങി. മമ്മിയോട് മറുത്തൊന്നും പറയാൻ കഴിഞ്ഞില്ല .അന്ന് സ്കൂളിൽ പോകേണ്ടന്നായിരുന്നു കരുതിയത്. പക്ഷേ കഴിഞ്ഞില്ല .എന്റെ കണ്ണിൽ എപ്പോഴുമുള്ളത് എന്റെ പപ്പയും നീലക്കുറിഞ്ഞി പൂക്കുന്ന മലയോരവും ആയിരുന്നു .മമ്മി പറഞ്ഞു പപ്പ വരുമ്പോഴേക്കും നാലര കഴിയും . സ്കൂൾ ബസ് വന്നു .വിഷാദം കലർന്ന മുഖത്തോട്ടുകൂടി ഞാൻ ബസിൽ കയറി സ്കൂളിലെത്തിയപ്പോൾ എല്ലാ ടീച്ചറും വന്നു പാഠം എടുത്തു .അപ്പോഴും മനസ്സിലുള്ളത് പപ്പയും നീലക്കുറിഞ്ഞി പൂക്കുന്ന മലയോരവും ആയിരുന്നു. ടീച്ചർ വന്നതും പോയതും ഞാനറിഞ്ഞില്ല സ്കൂൾ വിട്ടുമ്പോഴേക്കും നാലേമുക്കാൽ ആയിരുന്നു ഞാനെന്റെ സന്തോഷം ചങ്ങാതിമാരെ അറിയിച്ചു .ബസ്സിൽ കയറി. മമ്മി പറഞ്ഞത് പപ്പാ നാലരയ്ക്ക് മുമ്പ് വരുമെന്ന് .ഞാൻ എത്തുമ്പോഴേക്കും ക്ഷീണം കാരണം പപ്പാ ഉറങ്ങുമോ എന്ന വേവലാതി എനിക്കുണ്ടായിരുന്നു വീട്ടിലെത്തിയ ഉടനെ പപ്പയെയും കൂട്ടി എനിക്ക് പോണം



നീലക്കുറിഞ്ഞി പൂക്കുന്ന മലയോരത്ത് . സ്വപ്നങ്ങൾ കണ്ടു കൊണ്ട് വീട്ടിലെത്തിയത് അറിഞ്ഞില്ല .അവിടേക്ക് നോക്കുമ്പോൾ മുന്നിലതാ ധാരാളം ആൾക്കൂട്ടം. പപ്പ എത്തിയെന്ന് മനസ്സിലായി. പക്ഷേ എല്ലായിടവും ഒരു ശാന്തത. ഞാൻ മുന്നോട്ടു നടന്നു . എങ്ങുനിന്നോ കരച്ചിൽ കേൾക്കുന്നു മമ്മിയുടെ കരച്ചിൽപേലെ, എനിക്കൊന്നും മനസ്സിലാവുന്നില്ല. വീണ്ടും മുന്നോട്ടു നടക്കാൻ ശ്രമിച്ചപ്പോൾ ആരൊക്കെയോ എന്നെ തടഞ്ഞു .പക്ഷേ ഞാനതു കണ്ടു ആ കാഴ്ച വെള്ളത്തുണിയിൽ പൊതിഞ്ഞ്...എന്റെ പപ്പ എല്ലാവരും ഉറക്കെ കരയുന്നു. ഞാൻ മാത്രം കരഞ്ഞില്ല ഞാൻ മാത്രം......

ആ നീലക്കുറിഞ്ഞി പൂക്കുന്ന മലയോരം കാണുമ്പോൾ എനിക്ക് വെറുപ്പാ ഇടക്ക് ഞാൻ ചിന്തിക്കും അന്നെനിക്ക് കരയാൻ സാധിക്കാത്തതിന് എന്തുകൊണ്ടെന്ന്....

ലേഖനം

അശ്വതി s2

**ഇന്ന് സ്ത്രീ അനുഭവിക്കുന്ന കഷ്ടപ്പാടും ദുരിതങ്ങളും ഏറെയാണ് .എന്നാൽ അവയിൽ ഒന്നുപോലും സമൂഹം അറിയുന്നില്ല.സ്ത്രീ എന്നാൽ അമ്മയാണ് . നാം നമ്മുടെ മാതാപിതാക്കളെ സ്നേഹിക്കുന്നതു പോലെ ഈ ലോകത്ത് മറ്റാരെയും സ്നേഹിക്കുകയില്ല.**

# സ്ത്രീ സമത്വത്തിന്റെ സമകാലികം

നമ്മുടെ സമൂഹത്തിൽ ഇന്ന് ഏറ്റവും വലിയ ചർച്ചാ വിഷയമായിരിക്കുന്ന ഒന്നാണ് സ്ത്രീ സമൂഹം. ഇന്ന് സ്ത്രകൾ ഒരുപാട് പ്രശ്നങ്ങൾ അനുഭവിക്കുന്നുണ്ട്. ഈ സമുഹത്തിൽ നാം ഏറെ പ്രാധാന്യം സ്ത്രീകൾക്ക് നൽകണം.സ്ത്രീ,പുരുഷൻ എന്നിങ്ങനെ നമ്മൾ താരതമ്യം ചെയ്യുമ്പോൾ ഏറ്റവും കൂടുതൽ മുൻഗണന നൽകുന്നത് പുരുഷനാണെ ന്നാണ് സൈന്റിഫിക്കായിട്ട് തെളിയി ക്കപ്പെട്ടിട്ടുള്ളത്.

ഇന്ന് സ്ത്രീ അനുഭവിക്കുന്ന കഷ്ടപ്പാടും ദുരിതങ്ങളും ഏറെയാണ് .എന്നാൽ അവയിൽ ഒന്നുപോലും സമൂഹം അറിയുന്നില്ല.സ്ത്രീ എന്നാൽ അമ്മയാണ് . നാം നമ്മുടെ മാതാപിതാക്കളെ സ്നേഹിക്കുന്നതു പോലെ ഈ ലോകത്ത് മറ്റാരെയും സ്നേഹിക്കുകയില്ല. സ്ത്രീ ശാക്തീകരണം എന്ന് നമ്മൾ കേട്ടിട്ടില്ലേ. സ്ത്രീകൾക്കു നേരെയുള്ള എല്ലാ അതിക്രമങ്ങളും തുടച്ചുമാറ്റുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

ഇന്നത്തെ സമുഹത്തിൽ സ്ത്രീകൾ ഒരുപാട് വേദനകൾ അനുഭവിക്കുന്നുണ്ട് . അവരെ പലതരത്തിലുള്ള ചൂഷണങ്ങളിൾക്കും വിധേയമാക്കുന്നു. അടിമപ്പെടുത്തുകയും , ജീവൻ തന്നെ നശിപ്പിക്കുകയും ചെയ്യുന്നതരത്തിലുള്ള കൊടിയ മർദ്ദനങ്ങളേല്പിക്കുന്നു. അവരൊന്നോർക്കുക അമ്മയായ ഈ ഭൂമിയെ തന്നെ നമ്മൾ നശിപ്പിക്കുകയാണ്.സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾ തടയേണ്ടതുണ്ട്.സ്ത്രീയെ ഇന്ന് പിച്ചിചീന്തുകയാണ്.അവർക്ക് യാതൊരു മുൻഗണനയും ഇല്ല.സ്ത്രീയെ വാഴ്ത്തിപ്പാടുകയും അവർക്ക് മുൻഗണന നൽകേണ്ടതുമുണ്ട് . ഇന്ന് സ്ത്രീകളെ പീഡിപ്പിക്കുകയും അവളെ നശിപ്പിക്കുകയുമാണ്. പണ്ടുകാലത്ത് നമുക്കറിയാം സതി പോലുള്ള ആചാരങ്ങൾ തുടച്ചു നീക്കിയതുതന്നെ രാജാറാം മോഹൻ റോയിയാണ് . തന്റെ ഭർത്താവ് മരിച്ചാൽ പിന്നെ ഭാര്യയെ തീയിൽ തള്ളിയിടുകയാണ്

ചെയ്തിരുന്നത്.എന്നാൽ അതിൽ നിന്നും ഒരുപാട് മാറിയിരിക്കുകയാണ് നമ്മുടെ ഈ കാലഘട്ടം. പണ്ടുകാലത്ത് പെൺകുട്ടികളെ ചെറുപ്രായത്തിൽ തന്നെ വിവാഹം കഴിപ്പിച്ചയക്കുമായിരുന്നു. അവിടെ അവരുടെ ആഗ്രഹങ്ങളൊന്നും സാധിച്ചുകൊടുക്കുന്നില്ല.

എന്നാൽ ഇന്ന് സ്ത്രീകൾക്ക് സമുഹത്തിൽ സ്വാതന്ത്ര്യം നല്കാനുള്ള ശ്രമങ്ങൾ ഏറെനെല്കുന്നുണ്ട് .ഗൾഫ് രാജ്യങ്ങളിൽ ഇപ്പോഴാണ് സ്ത്രീകൾക്ക് ഡ്രൈവിങ് ലൈസൻസ് നൽകിയത് . സ്ത്രീ സമൂഹമെന്നാൽ പുറം ലോകവുമായി യാതൊരു ബന്ധമില്ലാത്ത സാഹചര്യ മാണെന്നും സ്ത്രീകളെ സംരക്ഷിക്കുകയും അവർ സമൂഹത്തിൽ അറിയപ്പെടണമെന്നും കെ. അർ മീരയെ പോലുള്ള എഴുത്തുകാരികൾ ആഗ്രഹിക്കുന്നു.

സതി ,ശൈശവ വിവാഹം പോലുള്ള ദുരാചാരം തുടച്ചു നീക്കിയതുതന്നെ വലിയ ഒരുകാര്യമാണ് . അതുപോലെ വേരോടെ പിഴുതെറിയണ്ട ഒന്നാണ് സ്ത്രീധനം.സ്ത്രീ സമുഹത്തിനു വേണ്ടി പോരാടുകയും അവരുടെ വിദ്യാഭ്യാസത്തിനു വേണ്ടി ഒരുപാട് കഷ്ടപ്പെടുകയും ചെയ്ത മലാല യൂസുഫ് സായി , കൈലാഷ് സത്യാർഥിയെ പോലുള്ളവരെയാണ് നമ്മുക്കാവശ്യം . സ്ത്രീകൾക്ക് പ്രാധാന്യം നൽകുന്ന ഒരുപാട് സിനിമകൾ ഏറെയുണ്ട് . അതുപോലെതന്നെ കെ. ആർ മീരയെ പോലുള്ള എഴുത്തുകാർ കഥ, നോവൽ എന്നിവ സ്ത്രീകൾക്ക് വേണ്ടി എഴുതിയിട്ടുണ്ട് .

സ്ത്രീ സമൂഹത്തെ കുറിച്ച് എന്റെ അഭിപ്രായം അവരെ അവഗണിക്കാതെ അവർക്കു വിദ്യാഭ്യാസവും, സ്വാതന്ത്ര്യവും നല്കേണം എല്ലാം നമ്മുടെ ഭരണ ഘടന സ്ത്രീ സമത്വത്തെക്കുറിച്ച് പറയുന്നുണ്ടെങ്കിലും പുരുഷന്മാർക്കു നൽകുന്ന അതേ സ്വാതന്ത്ര്യവും വിദ്യാഭ്യാസവും എല്ലാം ഇന്നത്തെ സമൂഹത്തിൽ സ്ത്രീകൾക്കു നല്കേണ്ടതുണ്ട്. സ്ത്രീ എന്നാൽ ഒരു മുറിയിൽ അടച്ചിട്ട ഇരിക്കേണ്ട വസ്തുവല്ലെന്നും അടുക്കളയിൽ മാത്രം ജോലി ചെയ്യേണ്ടവൾ അല്ലെന്ന് നാം മനസ്സിലാക്കണം

പലപല എഴുത്തുകാരികളും സ്ത്രീകളെ കുറിച്ച് പല നോവലുകൾ എഴുതിയിട്ടുണ്ട്. കെ ആർ മീരയുടെ ആരാച്ചാർ എന്ന നോവലിൽ സ്ത്രീകളുടെ ഒറ്റപ്പെടലിനെ കുറിച്ചോ സ്ത്രീ എന്നാൽ നാലുചുമരുകൾക്കുള്ളിൽ ഒതുങ്ങി കഴിയേണ്ടവളല്ല എന്നോ അവളുടെ



വികാരങ്ങൾ അതിൽ അടക്കി പിടിക്കുകയാണെന്ന ആരാച്ചാർ എന്ന നോവൽ ചൂണ്ടിക്കാട്ടുന്നു മാധവികുട്ടിയുടെ ബാല്യകാല ഓർമ്മകൾ എന്ന പുസ്തകം എഴുതിയിട്ടുണ്ട്.

സ്ത്രീയെ നമ്മൾ അവഗണിക്കുകയല്ല പകരം സ്നേഹിക്കുകയും ബഹുമാനിക്കുകയും ആണ് വേണ്ടത്. ഇന്ത്യൻ പ്രസിഡൻറ് സുപ്രീംകോടതി ജഡ്ജി എന്നിവയിൽ നമ്മൾ നോക്കിയാൽ വിരലിലെണ്ണാവുന്ന സ്ത്രീകളെ മാത്രമേ കാണാനാവൂ സ്ത്രീകളെ സ്വയംരക്ഷ പഠിപ്പിക്കുകയാണ് നമ്മൾ ചെയ്യേണ്ടത് സ്ത്രീകളെ നമ്മൾ ഒരുവിധത്തിലും വേദനിപ്പിക്കാനോ അവഗണിക്കാനോ പാടില്ല

കഥ
ദിയ ഹാഫിസ് xb




"അമ്മേ , എന്തൊക്കായിരുന്നു വാങ്ങണ്ടേ"?

കരിപിടിച്ച അടുക്കളയിൽ നിന്നും തന്റെ രണ്ടാനമ്മയോട് സരിത ചോദിച്ചു. അമ്മ എന്ന് തനിക്ക് വിളിക്കാൻ ഇഷ്ടമല്ലെങ്കിലും അച്ചന്റെ നിർബന്ധം മൂലം വിളിച്ചു പോവുന്നതാണ്. അമ്മയോടൊത്ത് ജീവിക്കേണ്ടതിനുപകരം ഇപ്പോൾ രണ്ടാനമ്മയും മഹാ ക്രൂരയുമായ സ്ത്രീയോടൊത്ത് ജീവിക്കുകയാണ് . അമ്മ പണ്ടൊരു പിഴവു കാണിച്ചതിൽ അച്ഛൻ ഒഴിവാക്കിയതാണെന്ന് പറയുന്നത് കേട്ടു. എന്റെ അമ്മ അല്ലേലും അങ്ങനാ ........ ഒരു ചെറിയ കാര്യത്തിന് പോലും അച്ഛൻഅമ്മയെ വളരെ വേദനിപ്പിച്ചിട്ടുണ്ട്. അന്ന് ഞാൻ കുഞ്ഞായിരുന്നു .പെട്ടെന്ന് ആ സ്ത്രീ മുറുക്കി തുഫി കൊണ്ട് പറഞ്ഞു ;



'പാലും അരീം'

ഞാൻ ചോദിച്ചു

"എത്ര വാങ്ങണം' ?

ചോദ്യം കേട്ട് ദേഷ്യപ്പെട്ട് ഉറക്കെ പറഞ്ഞു. ദാക്ഷയാണി എന്നാണ് അവരുടെ പേര് . ഒരു ദാക്ഷിണ്യവുംകൂടാതെ അവർ പറഞ്ഞു

"ഇത്രേം കാലം ഈ അടുക്കളയിൽ പണിയെടുത്തിട്ടും ചോറിനെത്രഅരി വേണമെന്ന് പോലും അറിയില്ല അല്ലേ"

ഇതും പറഞ്ഞ് സരിതയുടെ നുള്ളി നുള്ളി ഉരുകിയ ചെവി ഒന്നുകൂടെ പിടിച്ച് തിരുമ്മി. അറിയാതെയാണെങ്കിൽ പോലും ആ സ്ത്രീയുടെ മുന്നിൽ ഒരുകണ്ണുനീരുപോലും വീഴരുതെന്ന് കരുതിയഎന്റെ കണ്ണിൽ നിന്ന് വെള്ളം വന്നു പോയി. ആതിരുമ്മലിന് അത്രയും വേദനയുണ്ടായിരുന്നു. ആ.........

ഇത് കേട്ട അച്ചൻ ഉമ്മറത്തേക്ക് വന്നു ചോദിച്ചു

"ന്താ അത് , ?"

"ഒന്നുമില്ല , മുകുന്ദേട്ടാ .സരിത മോൾടെ കാലിൽ മുള്ള് കൊണ്ടതാ.... അത് ഞാൻ എടുത്തത്തിനാ . "

ഒന്നും പറയാതെ അവൾ ഇറങ്ങി അടുത്ത ചന്തയിൽ എത്തുന്നത് വരെ എന്റെ സ്നേഹനിധിയായ അച്ഛനെ കുറിച്ചോർത്തു.എന്തിനായിരിക്കും തന്റെ അമ്മയെ അച്ഛൻ ഉപേക്ഷിച്ചിട്ടുണ്ടാവുക അതിനെക്കുറിച്ച് ചോദിക്കണമെന്നുണ്ടായിരുന്നു. ചന്തയിൽ മഴവില്ല് നിറത്തിലും എന്റെ ഇഷ്ടനിറത്തിലും മറ്റും ഉടുപ്പണിഞ്ഞ കുറേ എണ്ണം പാവകൾ

ഉണ്ടായിരുന്നു . അതൊക്കെ നോക്കിയതിന് ശേഷം ഞാൻ എന്റെ വസ്ത്രം ഒന്നു നോക്കി.നൂറ്റാണ്ടു പഴക്കമുള്ളതു പോലെ തോന്നിക്കുന്നതും,ഇതു വരെ വെള്ളം കാണാത്തതുമായ കീറിപൊളിഞ്ഞ ഒരു ഒരു കാപ്പി ഒരു കപ്പി പാവാടയും മണ്ണ് പിടിച്ച വെള്ളക്കുപ്പായവും. സാധനങ്ങൾ വാങ്ങി വന്നതിനു ശേഷം ചെയ്യേണ്ട കാര്യങ്ങൾ കണക്കു കൂട്ടിയാണ് സരിത വീട്ടിലേക്ക് മടങ്ങാറ്. അടുക്കളപ്പുറത്തു കൂടി അവൾ അകത്തു കയറി. ഇതു വരെ തന്റെ വീടിന്റെ മുൻ വശത്തു കൂടി അവൾ കയറിയിട്ടില്ല . അച്ഛന്റെ ചായ നല്കേണ്ട സമയം ആയിരുന്നു. അവൾ അടുപ്പത്ത് ചായക്കുള്ള വെള്ളവും വെച്ച് അവിടെ ഇരുന്നു .കുഞ്ഞായിരുന്നപ്പോൾ പാല് തട്ടി മറിഞ്ഞതിന്എന്റെ അമ്മ വഴക്കുപറഞ്ഞതും കരഞ്ഞപ്പോൾ ചേർത്ത് പിടിച്ച് കവിളിലൊരുമ്മതന്ന് തന്ന് ആശ്വസിപ്പിച്ചതൊക്കെ ഇന്നലെ കഴിഞ്ഞപോലെ .അന്ന് ഒന്നും അറിയാത്ത പെണ്ണായിരുന്നു .ഒരു ദിവസം സ്കൂളും വിട്ട് വീട്ടിലെത്തി വിശപ്പ് മാറ്റാൻ അടുക്കളയിലെത്തിയപ്പോൾ ചോറ്റുപാത്രം തട്ടിമറിച്ചിട്ടിരിക്കുന്നു. അമ്മയെ കാണാനുമില്ല . പിന്നീട് എപ്പോഴോ അച്ഛന്റെ കൂടെ വന്നതാ ആ സ്ത്രീ.

"ഇന്നുമുതൽ ഇവരാ നിന്റെ അമ്മ മോൾക്ക് എന്താവശ്യം വന്നാലും ഈ അമ്മയോട് ചോദിച്ചാൽ മതി"അച്ഛൻ പറഞ്ഞു. എന്റെ ആവശ്യങ്ങളെക്കാൾ അമ്മയായവരുടെ ആവശ്യങ്ങൾ തീർത്തുകൊടുക്കലായി തന്റെ ജോലി .അതോടെ പഠനം നിലച്ചു . കുഞ്ഞനുജത്തി പിറന്നതോടെ പിന്നെ ഇവിടുത്തെ വീട്ടു വേലക്കാരിയാക്കി . തന്നെ അച്ഛനില്ട് നിന്നകറ്റി. രണ്ടാനമ്മ അവരുടെ മകളെ പഠിപ്പിച്ചു .

" മുകുന്ദേട്ടന്റെ ചായ നീ അടുപ്പിന് കൊടുത്തതാണോ . "

ആ ചോദ്യം കേട്ട് ഞെട്ടി എണീറ്റ് നോക്കിയതും ചായ തിളക്കുന്നു. അവളെ നോക്കി പിറുപിറുത്ത് കൊണ്ട് ആ സ്ത്രീഅകത്തേക്ക് പോയി. നിറഞ്ഞ കണ്ണുകൾ കൊണ്ട് അവൾ ആ ചായ എടുത്ത് ഗ്ലാസിൽ പാർന്നു .അച്ഛൻ ഇപ്പോഴും അവിടെ ഇരുന്ന് വായിച്ച പത്രം തന്നെ വീണ്ടും വീണ്ടും വായിക്കുകയാണ് .അടുത്ത് ചായ വെച്ച് അവൾ ഒന്നും മിണ്ടാതെ നിന്നു. അച്ചന്റെ. ശ്രദ്ധ തിരിഞ്ഞതും സരിതയെ നോക്കി.

ഉം... ന്തേ...

ഒരു വാടിയ പോലെ. അവൾ ഒന്നും മിണ്ടിയില്ല.

"നിന്നോടാ ചോയിച്ചത് ന്താ പറ്റിയേന്ന്,"

അവൾ അറിയാതെ ചോദിച്ചു പോയി , " അച്ചാ..

എന്നാ ഒന്ന് മോളെ..

ഇത് കേട്ട് അകത്ത് നിന്നും തന്റെ മകളെയും കൂട്ടി ഫോണിൽ അഗാതമായി മുങ്ങിയിരിക്കുന്ന അവരും ഓടിയെത്തി. എന്നിട്ട് മൂന്ന് പേരും അവളെ നോക്കി പൊട്ടിച്ചിരിച്ചു. ഇത് കണ്ട് സഹിക്കാതെ പൊട്ടി കരഞ്ഞു പോയി. തന്റെ അമ്മ ഉണ്ടായിരുന്നുവെങ്കിൽ എന്ന് ആലോചിച്ചു കരഞ്ഞു കൊണ്ട് അടുക്കളയിലേക്ക് നീങ്ങി.

അച്ഛനോട് ചോദിക്കണമെന്നു ണ്ടായിരുന്നു. എന്റെ അമ്മ എവിടെയാ ണെന്ന്.ജീവനോടെ ഉണ്ടെങ്കിൽ ഒന്നു ദൂരത്ത് നിന്ന് കാണാനെങ്കിലും ...?

അവളുടെ നൊമ്പരം ആരറിയാൻ അവിടെ അമ്മയില്ലല്ലോ .

---

പ്രലോഭനം കൊണ്ട് മിക്ക മനുഷ്യരും കുറ്റവാളികളാകും
പ്രചോദനം ലഭിച്ചാൽ വീരപുരുഷൻമാരും

**ഡോ.എസ് രാധാകൃഷ്ണൻ**

ഓർമകൾ മരിക്കുന്നു

**കവിത**
**ഫസൽ S1**






മനസ്സിന്റെ താളുകളിൽ
ചിതലരിച്ചിരിക്കുന്ന
കാലത്തിൻ ഓർമകൾ
ഇരമ്പുകയായ്
പാടത്ത് ഓടി കളിച്ചകാലം
നീന്തി കുളിച്ച് രസിച്ച കാലം
മാനത്ത് പാറി കളിക്കുന്ന
തുമ്പികളെ പിന്നാലെയോടി
പിടിച്ച കാലം........

ഓർക്കുവാൻ കഴിയുന്ന ചിത്രത്തിൽ
മലയുണ്ട് കാട്ടുണ്ട് കുളമുണ്ട്
വയലുണ്ട് മധുരമായുള്ള
ബാല്യത്തിൻ കഥകളുണ്ട്........
ഓർമകളെ താഴിട്ട് പൂട്ടാനാവാതെ
മനസ്സിന്റെയുള്ളിൽ
അലഞ്ഞുനടന്നിട്ടുന്നു.
പോയ കാലത്തിൻ സ്മരണയിൽ
മരണമെത്തുന്നതറിയാതെ.......
ഒഴുക്കിൽപ്പെട്ടപോൽ
എല്ലാം ഒലിച്ച് അകലുമ്പോൾ
അറിയാതെ ഞാനാ കടവത്ത്
നോക്കി തിന്നു............

ഓർക്കുക നാമിന്ന് മാറ്റി
മറിച്ച കാലത്തിനിതളുകളെ
ഒന്നിനൊന്നായി തിരിച്ച് തരുന്നതും
കണ്ട് കൊള്ളുക നാം..........

ലേഖനം

Sana misriya s2




*The young youth of this generation depends social media for their each and every actions. Social media plays a great vole in everyday life of each person.*

*As we know that social media is a part of everyone's life. Our each daily works are shared with social media. So that much vole is there for social media in our daily life. But nowadays social media is becoming as a threat to human life. Each and every person are depend upon social media even for a single minute. If they have no any work for a while,they are depending social media to spend their time.*

*Everyone are using social media for different purpose to achieve our goals but nowadays everyone are misusing the social media as their wish. When social media get addicted to anyone it will never give up a single minute. If once used , it will never try to leave from that . Social*

> *The youth of this generations are blackmailing the people for getting through social media . As we know that social media are for sharing the social problems and culture of the society 。*

*media are helpful for educational works,cultural and social works. Normal use of social media can be controlled but when it addicted it cannot be controlled and also it may create many problems among them . Controlling has great role in using social media.Social media like games,face book ,internet etc. are gradually misusing*

*by the people to attain their goal.*

*are blackmailing the people for getting through social media . As we know that social media are for sharing the social problems and culture of the society . But the people are performing against by torturing the people in the society. It is a world famous tragedy that affect the people of the societywhich leads to their death. The game , Blue whale plays great role through media by torturing the*



*Nowadays everyone are misusing the social media for money and publicity. They are using others though media for inspiring themfor their publicity and money which are offered for them. There is control among them for using social media's.*

*The youth of this generations*

*people . The people lost themselves and try to play the game and last they itself leads to their death. These misusing of social media leads to destroying the society. And the controlling the society in their hands. Through internet every one are tortured by others which leads to their end.*

Everyone may start the use of media for entertainment,but at least

it leads to their end. Some of them used media for positive energy and to

get relief from their sufferings, but due to their uncontrolled used they itself

leads to their death. It is the normal case that are happening in our society.



May a kind full heart man will changes to be a murder. To hide the truth everyone are ready do anything as they can even though a murder. Though these misusing the people ,everyone are destroying the youth of this generation.

Several games like Blue Whale, Mo Mo etc.......are becoming as a tragedy for the youth. Even everyone are fear to use social media's to

attain their goals. Due to the use of such games lead to cause health problem which almost leads to their death. Over use of such games leads

to stop the work of nervous system, which leads to the work of whole body activities.

By using worst words and videos, the people get blackmailed toobey their rules. In the early period the people are using social media for their daily purpose to develop their country. But now everyone are misusing the media to destroy the development of the country.

Social media is becoming as a brutal treat in the youth. Overuse of media leads the people to fall up in the tragedy which leads themselves to their death. So make sure about using social media as controlled. Make sure about ourself about the reality that we need to face.

ലേഖനം
Nasala s1

**ഇന്ത്യൻ ഭരണഘടന അനുസരിച്ച് സ്ത്രീകൾ സമൂഹത്തിലെ ഓരോ പദവിയിലും കുതിച്ച് ഉയരാൻ തുടങ്ങിയതാണ് . പക്ഷെ കണക്ക് പ്രകാരം അത് വെറും ഒരു 50% മാത്രമേ ഉള്ളൂ . എന്താണ് അതിനുകാരണം. എവിടെയാണ് സ്ത്രീശാക്തീകരണ പരിപാടികൾക്ക് വേഗത കുറഞ്ഞത് സമകലിക കേരളത്തിന്റെ പശ്ചാത്തലത്തിൽ ഒരന്വേഷണം**






ഈ കാലഘട്ടത്തിൽ ഏറ്റവും ചർച്ച ചെയ്യപ്പെടുന്നതും ചെയ്യുന്നതുമായ ഒരു വിഷയമാണ് സ്ത്രീ സമത്വം. ഭൂമിയിൽ രണ്ട് ലിംഗങ്ങളാണ് ഉള്ളത്.ആൺ,പെൺ അല്ലങ്കിൽ പുരുഷൻ, സ്ത്രീ. എന്നിട്ടും സ്ത്രീയെയും പുരുഷനെയും വേർതിരിക്കുന്നു.എന്ത് കൊണ്ട്? പുരുഷൻ സ്ത്രീയെക്കാൾമികച്ച താണോ,അല്ലയോ എന്നിങ്ങനെ ഒരുപാട് ചോദ്യങ്ങൾ ഇന്നത്തെ കാലത്ത് ഉയർന്നു വരും.ഈ ചോദ്യങ്ങൾ എന്ത് കൊണ്ട് ഉയർന്നു വരുന്നു അതിനുള്ള സാഹചര്യങ്ങൾ എന്തെല്ലാം എന്താണെന്ന് നാം ചിന്തിക്കേണ്ടതുണ്ട്

ഇന്ത്യൻ ഭരണഘടന നിയമം അനുസരച്ച് സ്ത്രീകൾ സമൂഹത്തിലെ ഓരോ പദവിയിലും കുതിച്ച് ഉയരാൻ തുടങ്ങിയതാണ് പക്ഷെ കണക്ക് പ്രകാരം അത് വെറും ഒരു 50% മാത്രമേ ഉയർന്നു വന്നിട്ടുള്ളൂ മറ്റുള്ളവർ സമൂഹത്തിന്റെ ഏത് ദിശയിലാണ് ഇതുവരെ ഉള്ളത് എന്തു കൊണ്ട് അവർ മുന്നോട്ട് വരുന്നില്ല.സ്ത്രീ എന്നാൽ ആദ്യം മനസ്സിലേക്ക് ഓടിയെത്തുന്ന ചിത്രം അല്ലെങ്കിൽ കഥാപാത്രം എന്നുള്ളത് അമ്മ എന്നതാണ്.അമ്മയ്ക്ക് നാം പ്രാധാന്യം നൽകുന്നു പക്ഷെ എന്തു കൊണ്ട് നാം അതേ കഥാപാത്രമായി മാറുന്ന സ്ത്രീക്ക് നൽകുന്നില്ല.സ്ത്രീകൾ പല കാരണങ്ങളും കൊണ്ട് വിഷമങ്ങൾ അനുഭവിക്കുന്നു.അതിന്റെ കാരണങ്ങൾസമൂഹം തിരക്കുന്നില്ല.

ജിവിതത്തിലെ ഒരോ സമൂഹ്യ വിപത്തും പോറി കൊണ്ട് നടക്കുന്ന ഒരു കഥാപാത്രമാണ് സ്ത്രീ. സമൂഹം അവരെ അവഗണിക്കുന്നു. ജീവിതത്തിലെ പല ആശ കളും ഉള്ളിലൊതുക്കി എല്ലാം പ്രശ്നങ്ങളും സ്വയം അനുഭവിക്കുന്നസ്ത്രീകളുടെ മാനസ്സിക നില അവരുടെ ജീവിത താളുകളെ തെറ്റിച്ചു കളയുന്ന പല നേർക്കാഴ്ചകൾക്കും സാക്ഷ്യം വഹിക്കേണ്ടിവരുന്നത് ഇവിടെയാണ് എന്നത് ഒരു യാഥാർത്ഥ്യമാണ്.



സ്ത്രീയെ സമൂഹത്തിനു മുന്നിൽ പിച്ചിചീന്തുകയും അവരെ വെറും ആഗ്രഹങ്ങൾ മാത്രം തീർക്കാനുള്ള ഉപകരമമായാണ് ഇന്ന് ഈ സമൂഹം കണ്ടു വരുന്നത്. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിക്കുന്നതിന് മുമ്പ് പുറത്തിറങ്ങി നടക്കാനുള്ള അവകാശം നഷ് ടപെടുന്ന കാഴ്ച നാംകണ്ടതാണ്. മറ്റു രാജ്യങ്ങളെ അപേക്ഷിച്ച് നോക്കിയാൽ നമ്മുടെ രാജ്യത്തെ സ്ത്രീകളോടുള്ള അവഗണന നമുക്ക് കാണാം കഴിയും രാജ്യത്തിൽ ഏറ്റവും ഉന്നത പദവിയായ പ്രധാനമന്ത്രി പ്രസിഡൻറ് സുപ്രീംകോടതി ജഡ്ജിമാർ എന്നിവയുടെ കണക്ക് നോക്കിയാൽ കൈ വിരലിൽ എണ്ണാൻകഴിയുന്ന പേര് മാത്രമേ സ്ത്രീകൾ ഉള്ളൂ . ഇതാണ് നമ്മുടെ രാജ്യമായ ഇന്ത്യയുടെ ഇന്നത്തെ അവസ്ഥ. സ്വാതന്ത്ര്യത്തിനു മുന്നേ സതി ശൈശവ വിവാഹം എന്നിവ സ്ത്രീ അനുഭവിച്ചു .രാജ് റായ് മോഹൻ റായ് എന്നിവരുടെ ആത്മസമർപ്പണം കാരണം ഇതുപോ ലുള്ള ദുരാചാരം ഇവിടെനിന്ന് തുടച്ചു നീക്കപ്പെട്ടു .പക്ഷേ ഈ ദുരാചാരം മാത്രമേ തുടച്ചു നീക്കപ്പെട്ടു സ്ത്രീയോടുള്ള അവഗണന അപ്പോഴും സമൂഹത്തിൽ നിലനിൽക്കുന്നു. മലാല യൂസഫ് സായി എന്നിവരെ പോലുള്ള പെൺകരുത്തിന്റെ മുന്നേറ്റങ്ങൾ വളരെ തുച്ഛമാണ്. വിദ്യാഭ്യാസം നിഷേധിക്കപ്പെടുന്ന അവസ്ഥ പോലും സ്ത്രീകൾക്ക് അനുഭവിക്കേണ്ടി വരുന്നു ഓരോ ജോലികൾക്കും സ്ത്രീകൾക്കും പുരുഷന്മാർക്കും വേർതിരിവുള്ള ശമ്പളം വിതരണം നടത്തി സമൂഹത്തിൻറെ അടിത്തട്ടിലേക്ക് പറിച്ചു നടുന്ന അവസ്ഥയാണ് ഇന്ന് നാം കാണുന്നത് .ഇതിനൊരു പ്രതിവിധി നമ്മുടെ സമൂഹത്തിന് ആവശ്യമാണ് എന്താണ് ആ പ്രതിവിധി? നമുക്ക് ഈ പ്രശ്നത്തെ എങ്ങനെ സാധൂകരിക്കാം? സ്ത്രീകൾക്കുള്ള അവഗണന നിർത്തലാക്കണമെങ്കിൽ സമൂഹത്തിന്റെ മനോനില മാറ്റണം .അവരുടെ ചിന്താഗതികളാണ് മാറ്റേണ്ടത് .പുരുഷൻ ഏറ്റവും കൂടുതൽ വെറുക്കുന്ന ഒരു ദുരവസ്ഥയാണ് സ്ത്രീയുടെസ്ഥാനക്കയറ്റം .ഒരിക്കലും അവർക്ക് അനുവദിക്കാൻ പറ്റുന്നതല്ലഎന്നുള്ള അവരുടെ വാശി അത് നല്ലതല്ല. അമ്മ, ഭാര്യ, സഹോദരി ഏതു നിലയിലും അവർ അധ്വാനിക്കുന്നത് ഓർക്കാതെ കുടുംബത്തിൽ അവഗണിക്കുന്നത് മാറ്റേണ്ടതുണ്ട്. സ്ത്രീയുടെ മനോവികാരങ്ങളെ നാലു ചുമരുകൾക്ക് ഉള്ളിൽ അടച്ചുകെട്ടി അവളുടെ മനോനില തെറ്റുന്നതായ ഒരു ആശയത്തെ കുറിച്ച് കെ ആർ മീര ആരാച്ചാർ എന്നാ പുസ്തകത്തിലൂടെ ചൂണ്ടിക്കാണിക്കുന്നു. സ്ത്രീകൾ സമൂഹത്തിലെ അടിച്ചമർത്തലിനെ തിരെ ശബ്ദിക്കേണ്ടിയിരിക്കുന്നു. സ്ത്രീയുടെ ജീവിതം വെറും കാമഭ്രാന്തി ഉള്ളതാണ് എന്ന പുരുഷന്റെ ചിന്താഗതി നാം എത്രയും പെട്ടെന്ന് മാറ്റേണ്ടതുണ്ട്. സ്ത്രീയെ ബഹുമാനിക്കുകയും ആ ആദരിക്കുകയുമാണ് വേണ്ടത് .സ്ത്രീകളുടെ അവഗണ ഇല്ലാതാക്കണം പുരുഷനെ അവന്റെ നിലയിലേക്ക് ഉയർത്തിയും സ്ത്രീയുടെ സ്ഥാനത്തെ നാം ഉയർത്തണം പുതിയൊരു നല്ല നാളുകൾക്കായി എല്ലാവർക്കും തുല്ല്യ സ്ഥാനമുള്ള സമൂഹത്തെ പടുത്തുയർത്താം. സ്ത്രീയോടുള്ള അവഗണനകൾ മാറ്റി വെച്ചുകൊണ്ട് ആ നാളേക്കുവേണ്ടി പ്രാർത്ഥിക്കാം

കഥ
Muhammed fasal s1





The city was woke up by the hight light of sunrise. Every where in the city are with huge crowed. Everyone were busy with there own works. Nobody is looking to each other. There was a child begging in every shops . The people are not minding him . Some people are giving ten and five rupees to the child . After two years the child become 12 years old .But now he is not begging , But more than he was doing little work . His name was zhil. He have sister who was suffering from cancer his parents had died world war.

One day a traveller visited the city wear the zhil had begged . The traveller name was azan . When he was traveller through city . He saw a boy who was selling will strawberries .
Azan said to the driver to stop the car .When the driver stopped the car .Azan asked the boy .Is it trash one . The boy rip laid yes sir .

But the driver said sir au will get good one from other town .It was too had .at last azan asked to the boy What your good name? The boy said by these last words azan started there journey .they had travelled lot of mails and they had reached the city were zhil had hogged in his past .Due to the tiredness of the journey azan had take rest in the city .He took room and sleep will .

On the next morning azan think to to go a long walk through the city

.Huge crowd are in said the town . There were vegetable shop ,
fish market and textiles etc. But he mentioned a boy who was working as a shoe shine boy. Azan looks one more time to the boy . He said it was that boy who suede wild strawberry for me in last
night azan moue to words the boy and said ' Hi zhil ', zhil replied 'oh sir ' with respectfully . Azan asked to zhil "don you know this whole city" zhil replied " sir , know almost ' azan requested ' can you come with me, I want to round these whole city '.Zhil replid with a said " sir I can but you should pay me the money which im earning everyday "azan a coupled azan asked" how much you will earn in a day .Zhil said "it was of 200 rupees " . OK zhil can we go.




They tow started this journey with happiness-
and joyfully .They long miles . Zhil was very - helpful to the azan .Zhil buy packets American lustreless, for azan and he make a first class seat for the mouse .At last final day azan asked"zhil , for whom you were selling wild strawberries and why you are work as shoe shine boy zhil felt very sad to replay her question but zhil replied "sir i had no father no mother no one in whole world . I have only a sister which was accompanied by cancer . I was living for her . I want her back with normal manner. But for her treatment there i want a lot of money to expend. So i am doing such au works .I don't want make my sister into starving situation because we know the important of starvation. We too had starvation situation in our past .We came up it by facing all had situation .At last azan had given money to zhil for the treatment of his sister and last the sister had become will from the cancer Ho the were living now with a happy.

അവസാന യാത്ര

കഥ

ഫർസാന സി.കെ s2



# നീലക്കുറിഞ്ഞികൾക്കിടയിൽ

കാൽ തെന്നി അവൾ മണ്ണിന്റെ മാറിടത്തിലേക്ക് തെറിച്ചു വീണു .
"അഹ്........അമ്മേ....."
"ടി.... ശ്രദ്ധിച്ചു നോക്കിയുമൊക്കെ നടന്നൂടെ .....വെറുതെ മനുഷ്യനെ മെനക്കെടുത്താൻ".
അമ്മുവിനെ ഒന്ന് തുറിച്ചുനോക്കിക്കൊണ്ട് മാമി തിരിഞ്ഞു നടന്നു . എന്തിനെന്നില്ലാതെ അമ്മുവിൻറെ കണ്ണീരുകൾ ഒഴുകിക്കൊണ്ടിരുന്നു.എന്റെ അമ്മ ഉണ്ടായിരുന്നെങ്കിൽ.. അവൾ മനസ്സിൽ മന്ത്രിച്ചു. ദൈവമേ എന്തിനിങ്ങനെ ഒരു പരീക്ഷണം
" ഒന്നു വേഗം നടക്കെടി ..........ഇപ്പത്തന്നെ ലേറ്റായി "
മാമ്മി വീണ്ടും ശകാരം തുടങ്ങി. ഇത് ഇന്നും ഇന്നലെയും തുടങ്ങിയതല്ല വർഷം രണ്ടായി ഇത് കേൾക്കാൻ തുടങ്ങിയിട്ട്. റേഡിയോ പോലെയാ ഒന്നും അങ്ങോട്ട് പറയാൻ പറ്റില്ല .അവൾ പേടിയോടെ പുറകെ നടന്നു .കൈമുട്ടിൽ നിന്നും രക്തം വാർന്ന് തുടങ്ങിയിരുന്നു, തെല്ലു നീറ്റലോടെ അവൾ പതിയെ ഒന്ന് തടവി

അമ്മയും അച്ഛനും ചേർന്ന് വളരെ സന്തോഷത്തോടെ കഴിഞ്ഞിരുന്ന ഒരു കാലം അവൾ യെ തന്റെ ഭൂതകാലത്തിലേക്ക് എത്തിനോക്കി.എല്ലാവരും സന്തോഷത്തോടെ കഴിഞ്ഞിരുന്ന കാലം . എന്തിനുമേതിനും എന്റെ കൂടെ നിന്ന് സപ്പോർട്ട് ചെയ്യുന്ന അച്ഛൻ, ദൈവത്തോട് ഒരുപാട് നന്ദി പറഞ്ഞിട്ടുണ്ട് അവരുടെ മകളായി പിറന്നതിൽ. പക്ഷേ ഇപ്പോ എന്റെ അവസ്ഥ ,അനുവാദമില്ലാതെ കണ്ണുകൾ വീണ്ടും നിറഞ്ഞു. എല്ലാം എന്റെ വിധി, ദൈവത്തിനുപോലും അസൂയ തോന്നിയിട്ടുണ്ടാവും ഞങ്ങളുടെ സ്നേഹം കണ്ടിട്ട് ,ഒരുപക്ഷേ അതുകൊണ്ടായിരിക്കും എന്നെമാത്രം തനിച്ചാക്കി അവരെ അങ്ങ് വിളിച്ചത് .എങ്കിലും എന്തിനായിരുന്നു ഇത് .....
അവൾ തളർന്നു പോയി എന്നെയും കൊണ്ടുപോയി കൂട്ടായിരുന്നോ.......
എന്തിനെന്നെ ഈ നരകത്തിലേക്ക് വലിച്ചെറിഞ്ഞു. അവൾ അച്ചനേയും അമ്മയേയും ഒന്ന് ധ്യാനിച്ചു. എന്നും എന്റെ കിനാവിൽ കൂടെ വന്ന് എന്നെ തലോടാറുണ്ട്. അവൾ ഒന്നു നെടുവീർപ്പിട്ടു .
അപ്രതീക്ഷിതമായാണ് അവളുടെ ജീവിതത്തിലേക്ക് ആയാത്ര കടന്നുവന്നത് ഓഫീസിൽ നിന്നും തിരിച്ചു വന്ന അച്ഛൻ ഭയങ്കര സന്തോഷത്തിലായിരുന്നു

"നമുക്കൊരു യാത്ര പോയാലോ അമ്മുക്കുട്ടി"
അച്ഛന്റെ ആ ചോദ്യം തെല്ലൊന്നുമല്ല എനിക്ക് സന്തോഷം പകർന്നുതന്നത്, ഒരുപാടുകാലമായി അച്ഛനോട് വാശിപിടിക്കുന്നു, നീലക്കുറിഞ്ഞികൾ പൂക്കുന്ന ആ മലയോരത്തിലേക്ക് ഒരു യാത്രയെപറ്റി,
"എങ്ങോട്ടേക്കാ അച്ഛാ ...?"
ഞാൻ ആകാംക്ഷയോടെ നോക്കി
"മൂന്നാറിലേക്ക്"
ആ വാക്കുകൾ എന്നെ കാതുകളിലേക്ക് ആഴ്ന്നിറങ്ങി. അച്ഛനെ കെട്ടിപ്പിടിച്ച് കവിളിലൊരു മുത്തം നൽകി മുറിയിലേക്കോടി,



" എന്തോന്ന് ....സ്വപ്നം കണ്ടിരിക്യാ.... വേഗം നടക്കെടി പെണ്ണേ"?
 അവൾ ഞെട്ടി തിരിഞ്ഞു മാമ്മിയാണ് .എന്നെത്തന്നെ നോക്കി കണ്ണുരുട്ടുന്നുണ്ട്. ഞാൻ  മുന്നോട്ട് നടന്നു ,വേണ്ടിയിരുന്നില്ല ആ യാത്ര ....എന്റെ ജീവിതത്തിൽ നഷ്ടങ്ങൾ മാത്രം പകർന്ന എല്ലാ സൗഭാഗ്യങ്ങളും ഇല്ലാതാക്കിയ ആ മൂന്നാർ ട്രിപ്പ് വേണ്ടിയായിരുന്നു ......? ദൈവമേ എന്നോട് മാത്രം
രണ്ടു കയ്യിലും സാധനങ്ങളുമായി ഞാൻ വീട്ടിനകത്തേക്ക് കയറി, മാമി എന്നെ ഒന്ന് തുറിച്ചുനോക്കി, ഞാൻ  എന്റെ റൂമിലേക്ക് പോയി വാതിലടച്ചു .സമയം ഏറെ വൈകിയിരുന്നു, മാമിയുടെ കൂടെ കടയിൽ പോയതായിരുന്നു ,ആകെ ക്ഷീണിച്ചു അലമാര തുറന്ന് എന്റെ ഡയറി എടുത്തു മറിച്ചുനോക്കി ,ഡിസംബർ 11  എന്റെ ജീവിതത്തിലെ ശാപം നിറഞ്ഞ ദിവസം....
 എല്ലാവരും വലിയസന്തോഷത്തിലായിരുന്നു, എന്തെന്നാൽ ഇന്നാണ് ഞങ്ങളുടെ മൂന്നാർ ട്രിപ്പ് ,അച്ഛനോടും അമ്മയോടും ഒരുപാട് സംസാരിച്ചു സ്ഥലം എത്തിയത് അറിഞ്ഞില്ല .കൂട്ടുകൾ പറഞ്ഞ അറിവുകളാണ് എനിക്ക് നീലക്കുറിഞ്ഞിയെ കുറിച്ച്. അത് പന്ത്രണ്ട് വർഷത്തിലൊരിക്കലേ പൂക്കുകയുള്ളൂ..., അച്ഛന്റെയും അമ്മയുടെയും കൈപിടിച്ച് ഞങ്ങൾ അവിടെ മുഴുവനും ചുറ്റിക്കറങ്ങി, നീലക്കുറിഞ്ഞികൾ പൂക്കുന്ന താഴ്‌വര വളരെ മനോഹരമായ ദൃശ്യമായിരുന്നു .ഞങ്ങൾ വളരെയധികം സന്തോഷിച്ചു,

സന്ധ്യയായപ്പോൾ അടിപൊളി ഭക്ഷണവും കഴിച്ച് ഞങ്ങൾ വീട്ടിലേക്ക് തിരിച്ചു. ആ യാത്രയിൽ പെട്ടെന്നുണ്ടായ ഇടിയുടെ ആഘാതത്തിൽ ഉറക്കത്തിൽ നിന്നും ഞെട്ടിയുണർന്നു .പിന്നെ പെട്ടെന്ന് തന്നെ ബോധം മായുകയും ചെയ്തു, പിന്നീട് മൂന്ന് ദിവസങ്ങൾക്കു ശേഷമാണ് എന്നിൽ ബോധമുണ്ടായത് ,അന്ന് ഞാൻ ആ സത്യം അറിഞ്ഞു .താൻ അനാഥയാ യിരിക്കുന്നു. അത് എന്നെ വളരെയേറെ തളർത്തി ,ആ യാത്രയെ പറ്റി ഒരുപാട് ഓർത്തു കരഞ്ഞു, ഒന്നു ഫലമില്ല ഇന്നു വെറും ജോലിക്കാരിയെ പോലെ ഇവിടെ കഴിയുന്നു. ഹോസ്പിറ്റലിൽ നിന്ന് നേരെ വന്നത് അച്ഛന്റെ  സഹോദരിയുടെ അടുത്തായിരുന്നു ആദ്യമൊക്കെ മാമിക്ക് എന്നെ വളരെ ഇഷ്ടമായിരുന്നു .പിന്നെ എല്ലാം ഒരു സ്വപ്നംപോലെയായി, ഇപ്പോ ഒരു ശത്രുവിനെ പോലെയാ പെരുമാറുന്നേ. കവിളോരം തിങ്ങിനീങ്ങിയ നനവുകൾ അവൾ തുടച്ചു. ഇനി തന്നെ സ്നേഹിക്കാൻ ഈ ഭൂമിയിൽ ആരുമില്ല എന്നത് ഒരു സത്യമാണ്. എൻറെ വിധിയെ ഈ നാലു ചുവരുകൾക്കിടയിൽ കിടന്ന തീർക്കാനുള്ളതായിരിക്കുന്നു .ഒരുപാട് സ്വപ്നം കണ്ടതാണ് എന്നാൽ ഇന്നതെല്ലാം നിലംപതിച്ചു. അവർ മെല്ലെ കണ്ണടച്ചു അച്ഛനും അമ്മയ്ക്കും വേണ്ടി മനസ്സുരുകി പ്രാർത്ഥിച്ചു മരണതുല്യമായ മയക്കം  അവളെ മാടിവിളിച്ചു

[redacted]

കഥ
കൃഷ്ണപ്രിയ 9A




ഓലമേഞ്ഞ പുരയിടത്തിലൂടെ മഴവെള്ളം ഒലിച്ചിറങ്ങുകയായിരുന്നു.അതിലെ ഓരോതുള്ളിയും പാത്രത്തിൽ ഉറ്റിവീഴുന്ന ശബ്ദം കേട്ടാണ് അമ്മു ഉണർന്നത്.അമ്മു ഉണർന്നയുടനെ അടുക്കളയിലുള്ള അവളുടെ അമ്മയുടെ അടുത്തേക്ക് പോയി മഴവെള്ള ഒലിച്ചിറങ്ങി വീണത് രാവിലെ ഭക്ഷണത്തിനായി മാറ്റിവെച്ച അരിയിലേക്കായിരുന്നു.ഓരോ അരിയും പെറുക്കി പെറുക്കി എടുക്കുകയായിരുന്നു അമ്മ.അമ്മുവിന്റ ശബ്ദം കേട്ടപ്പോൾ അമ്മ അത് അമ്മു കാണാത്ത സ്ഥലത്തേക്കു മാറ്റി.അമ്മു ഓടിവന്ന് അമ്മയെ കെട്ടിപ്പിടിച്ചിട്ടു പറഞ്ഞു:


"അമ്മേ ഇന്ന് രാവിലെ എന്താ കടി."
ആ ചോദ്യം കേട്ട ഉടൻ അമ്മ ഒന്ന് പരിഭ്രമിച്ചു അതിനു ശേഷം പറഞ്ഞു.

"ആ കടി ഏതുമാകട്ടെ.ഇന്ന് സ്കൂളിൽ പോകേണ്ടേ?വേഗം പോയി കുളിച്ചെ."

ഇത് കേട്ട ഉടൻ അമ്മുവിന്റെ മുഖം വാടി.അപ്പോഴാണ് അമ്മുവിന് ഒരു കാര്യം ഓർമ വന്നത്.അത് അവൾ ചോദിക്കണോ വേണ്ടയോ ഒന്ന് ഓർമിച്ചു അതിനു ശേഷം അവൾ ചോദിച്ചു.

"അമ്മ ഇന്നലെ സ്കൂളിൽ എല്ലാവരുടെയും അച്ഛന്റെയും അമ്മയുടെയും പേരും ജോലിയും പറയണമായിരുന്നു. അമ്മയുടെ പേരും ജോലിയും ഞാൻ പറഞ്ഞു.പക്ഷെ അച്ചൻ അച്ചനെ കുറിച്ച് ഞാൻ ഒന്നുംപറഞ്ഞില്ല. എല്ലാവരും കളിയാക്കി.അമ്മേ എന്റെ അച്ചന്റെ പേരെന്താ?എന്താ ജോലി?"

ഇത് കേട്ട ഉടൻ അമ്മ ആകെ തകർന്നു പോയി.തൊട്ടടുത്തുള്ള ഒരു കസേരയിൽ പിടിച്ച് അമ്മ ഒന്ന് നിന്നു.അമ്മ മൗനം പാലിച്ചു. കണ്ണിൽ നിന്ന് ചുടുകണ്ണീർ ഒഴുകി.അതു കൊണ്ട് നിന്ന അമ്മു മുറ്റത്തേക്ക് ഇറങ്ങി.പണ്ടൊരു വാഹനാപകടത്തിൽ മരിച്ചതാണ് അമ്മുവിന്റെ അച്ഛൻ.ഇത് അവളെ അറിയിക്കാൻ അമ്മ ആഗ്രഹിച്ചില്ല.പിറ്റേന്ന് രാവിലെയും മഴ തകർത്തടിച്ചു പെയ്തു.അമ്മ വിമലേച്ചിയുടെ കൂടെ പണിക്കു പോകാൻതുടങ്ങുകയായിരുന്നു.ഞാൻ സകൂളിലേക്കും.രണ്ടാളും ഒന്നും പറയാതെ പോയി.മഴ അപ്പോഴും പെയ്യുകയായിരുന്നു. വൈകുന്നേരം അമ്മു സ്കൂൾ വിട്ട് വീട്ടിൽ വന്നു.മഴയുടെ കാഠിന്യം രണ്ടിരട്ടിയായി വർധിച്ചു.കൂടെ ഇടിയും മിന്നലും.വീട്ടിൽ അമ്മ ഉണ്ടായിരുന്നില്ല.അമ്മു ഒറ്റക്കായിരുന്നു.ഓരോ ഇടി പൊട്ടുമ്പോഴും അമ്മു പേടിച്ചു കൊണ്ടേയിരുന്നു.നനഞ്ഞു കുതിർന്ന പായിൽ കിടന്ന് അമ്മു അമ്മ വരുന്നതു നോക്കി കാത്തു നിന്നു.നോക്കി നോക്കി മടുത്തപ്പോൾ അവളുടെ കണ്ണ് ഒന്നടഞ്ഞു.പെട്ടെന്ന് കുറെ ആളുകളുടെ ശബ്ദം.അമ്മു പെട്ടെന്ന് ഞെട്ടി എഴുന്നേറ്റു.വീടിനു ചുറ്റും കുട ചൂടിയ കുറെ ആളുകൾ.അതിന്റെ അപ്പുറത്തായി ഒരു ആമ്പുലൻസ്.ആ വണ്ടിയിൽ നിന്നും ഒരു ശവം.കുറേ ആളുകൾ കൂടി കൊണ്ടു വരുന്നു.എല്ലാവരും എന്നെ തന്നെ നോക്കുന്നു.ഞാൻ ആ ശവത്തെ ഒന്ന് നോക്കി. അമ്മേ.......അമ്മേ...,അവൾ പൊട്ടി കരഞ്ഞു.മിന്നലു കൊണ്ട് മരിച്ചതാണ്.ആളുകൾ പറയാൻ തുടങ്ങി.അമ്മയും പോയതോടെ അവളൊരു ഇരുട്ടു മുറിയിൽ കാലുകൾ ചങ്ങലയിലായി ഒരു പോലെ അമ്മു...........




# ശിലകൾ പറഞ്ഞത്

സ്നേഹത്തിന്റെ മുഖങ്ങൾക്ക്
നൊമ്പരത്തിപ്പൂവിന്റെ
മാലചാർത്തി കണ്ണീർ കൊണ്ട്
തീർത്ഥം തളിച്ച് വിശുദ്ധിയുടെ
പീഠത്തിലിരുത്തി പൂജിക്കുമ്പോഴും
അറിയുന്തോറും കുനിയുന്ന ശിരസ്സ് സ്വന്തമാക്കി
നന്മയുടെ പൂമരങ്ങളെ മനുഷ്യസ്നേഹത്തിന്റെ
തണ്ണീർ നനച്ച് വളർത്തുമ്പോഴും
ഓർമ്മകളെ ശിലാശില്പങ്ങളാക്കി
സ്വപ്നം കൊണ്ട് തൊട്ടിലുകെട്ടി
ദുഃഖങ്ങളെ പാടിയുറക്കുമ്പോഴും
ഔപചാരികതയുടെ അഴുക്കുചാലിൽ നിന്നും
ആത്മാർത്ഥതയുടെ ശ്രീകോവിലിൽ
സ്നേഹ സൗഹൃദത്തെ പ്രതിഷ്ഠിക്കുമ്പോഴും
ഓർക്കേണ്ടവരുണ്ട്...!
എന്നും താങ്ങും തണലുമായവർ
അമൂർത്തങ്ങളായ ശിലകളിൽ
മൂർത്തശില്പങ്ങൾ കൊത്തിയെടുത്തവർ
നന്ദി......
കൂടെ നിന്നവർക്കും,സഹായിച്ചവർക്കും
ലിറ്റിൽകൈറ്റ്സ് കൂട്ടുകാർ
അധ്യാപകർ,സൃഷ്ടികൾ തന്നവർ
അങ്ങനെ ഒത്തിരി പേർ
എല്ലാവർക്കും നന്ദി

സ്നേഹപൂർവ്വം
**റഷീഖഷെറിൻ**
സ്റ്റുഡന്റ് എഡിറ്റർ






ലോകത്തിന്റെ വെളിച്ചമാണ് പുസ്തകങ്ങൾ
little
KITEs